**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1386** **07-02-2023 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.കെ. യിലെ കല കായിക പ്രവൃത്തിപരിചയ അധ്യാപകർ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി കെ.കെ.രമ** | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** |

**ചോദ്യം (എ)** എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) പദ്ധതിയുടെ ഭാഗമായി കല, കായിക, പ്രവൃത്തിപരിചയ അധ്യാപകരായി നാളിതുവരെ എത്ര പേരെയാണ് ആകെ നിയമിച്ചിട്ടുള്ളത്; നിയമിച്ച വർഷവും ശമ്പളനിരക്കും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

**ഉത്തരം (എ)** സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) എന്നീ പ്രോജക്ടുകൾ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ കേരള എന്ന പുതിയ പ്രോജക്ട് 2018-ൽ നിലവിൽ വന്നു. എന്നാൽ സ്പെഷ്യലിസ്റ്റ് അധ്യാപകരെ (കലാ, കായിക പ്രവൃത്തി പരിചയ) 2016-ൽ ആണ് എസ്.എസ്.എയുടെ ഭാഗമായി ആദ്യം നിയമനം നടത്തിയത്. ആയതിന്റെയും തുടർന്നുള്ള വർഷങ്ങളിലേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിയമനങ്ങളുടെ എണ്ണം | ശമ്പള നിരക്ക് |
|---|---|---|
| 2016-17 | 1890 | 25,200 |
| 2017-18 | 1860 | 25,200 |
| 2018-19 | 1638 | 14,000 |
| 2019-20 | 1511 | 14,000 |
| 2020-21 | 1482 | 14,000 |
| 2021-22 | 1448 | 14,000 |
| 2022-23 | 1319 | 10,000 |

**ചോദ്യം (ബി)** എസ്.എസ്.കെ. പദ്ധതിയുടെ പ്രാരംഭം മുതൽ നാളിതുവരെ പ്രസ്തുത വിഭാഗങ്ങളിലുള്ള അധ്യാപകർക്ക് അനുവദിച്ചിരുന്ന പ്രതിമാസ ശമ്പളം എത്ര രൂപ വീതമാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

**ഉത്തരം (ബി)**

| ക്രമനമ്പർ | വർഷം | ശമ്പളം |
|---|---|---|
| 1 | 2016-17 | 25,200 |
| 2 | 2017-18 | 25,200 |

| | | |
|---|---|---|
| 3 | 2018-19 | 14,000 |
| 4 | 2019-20 | 14,000 |
| 5 | 2020-21 | 14,000 |
| 6 | 2021-22 | 14,000 |
| 7 | 2022-23 | 10,000 |

(സി) പ്രസ്തുത അധ്യാപകർക്ക് ആദ്യം നൽകിയ ശമ്പളത്തേക്കാൾ കുറവാണോ നിലവിലെ ശമ്പളം എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇവരുടെ മുൻ ശമ്പളവും നിലവിലെ ശമ്പളവും എത്ര വീതമാണെന്ന് അറിയിക്കുമോ; പ്രസ്തുത ജീവനക്കാർക്ക് ശമ്പളം കുറയാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) **ആദ്യം നൽകിയ ശമ്പളത്തേക്കാൾ കുറവാണ് നിലവിലെ ശമ്പളം**

| ക്രമനമ്പർ | വർഷം | ശമ്പളം |
|---|---|---|
| മുൻ ശമ്പളം | | |
| 1 | 2016-17 | 25,200 |
| 2 | 2017-18 | 25,200 |
| 3 | 2018-19 | 14,000 |
| 4 | 2019-20 | 14,000 |
| 5 | 2020-21 | 14,000 |
| 6 | 2021-22 | 14,000 |
| നിലവിലെ ശമ്പളം | | |
| 7 | 2022-23 | 10,000 |

**വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം, എസ്.എസ്.എയുടെ പദ്ധതിയ്ക്ക് അനുസൃതമായും 100 കുട്ടികളിൽ കൂടുതലുള്ള യു.പി.സ്കൂളിലേയ്ക്കും 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി സ്കൂളിലേയ്ക്കും കല (സംഗീതം, ചിത്രകല) , കായികം, പ്രവൃത്തി പരിചയം എന്നീ മൂന്നു വിഷയങ്ങളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ (838x3=2514) കരാർ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് ശമ്പളം 25200/-pm നൽകിക്കൊണ്ട് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ നിർദേശങ്ങൾക്കും കെ.ഇ.ആർ-ലെ യോഗ്യതാ മാനദണ്ഡങ്ങൾക്കും അനുസൃതമായി നിയമിക്കുവാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.**

**2018ൽ അതുവരെ നിലവിൽ ഉണ്ടായിരുന്ന സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) എന്നീ പ്രോജക്ടുകൾ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ, കേരള എന്ന പുതിയ പ്രോജക്ട് നിലവിൽ വന്നു. പ്രസ്തുത പ്രോജക്ടിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ വേതനം 7000/- രൂപയായി കുറച്ചു. സർവശിക്ഷാ അഭിയാൻ**

**പദ്ധതിയിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ പ്രവർത്തിച്ചു വന്ന മുഴുവൻ കലാകായിക പ്രവർത്തിപരിചയ അദ്ധ്യാപകരെയും സമഗ്ര ശിക്ഷയിൽ കേന്ദ്രമാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ മാർഗ നിർദ്ദേശാനുസരണം കരാർ വ്യവസ്ഥയിൽ 2018-19 വർഷത്തേയ്ക്ക് നിയമനം നൽകുന്നതിനും ഇവർക്ക് കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം നിശ്ചയിച്ചിട്ടുള്ള പ്രതിമാസവേതനമായി 7000/- രൂപയ്ക്ക് പുറമേ സർക്കാർ അനുവദിക്കുന്ന 7000/-രൂപയും ചേർത്ത് പ്രതിമാസം 14000/-രൂപ വേതനം നൽകി, പാർട്ട് ടൈം അദ്ധ്യാപകരായി നിയമിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഇതേ നിരക്കിൽ 2019-20, 2020-21, 2021-22 വർഷവും നൽകിയിരുന്നു.**

2021-22 സാമ്പത്തിക വർഷത്തെ AWP&B പ്രകാരം Salary of Tecachers എന്ന ഒറ്റ മേജർ ശീർഷകത്തിലാണ് Total Financial Support for Salary of Teachers (Elementary, HM/Teachers) വകയിരുത്തിയിട്ടുള്ളത്. 2022-23 വർഷം ഈ മേജർ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ആകെ തുക 17.150 കോടി രൂപ മാത്രമാണ്.

അധ്യാപകരുടെ ശമ്പളം സംബന്ധിച്ച കേന്ദ്ര സമഗ്ര ശിക്ഷയുടെ സാമ്പത്തിക വ്യവസ്ഥകൾ ഇപ്രകാരമാണ്.

Support for salary of teachers will be provided to the State as a lump sum grant and not on the basis of number of teachers as per following formulation.

2021-22: 100% of Central share of expenditure in 2019-20/2020-21

2022-23: 95% of Central share of expenditure incurred in 2019-20/2020-21

2023-24: 90% of Central share of expenditure in 2019-20/2020-21

2024-25: 85% of Central share of expenditure in 2019-20/2020-21

2025-26: 75% of Central share of expenditure in 2019-20/2020-21

This grant will be further subject to the State/ UT maintaining the same percentage of vacancies as

| | | | |
|---|---|---|---|
| | | | in 2021-22 and will be reduced in case the percentage of vacancies increases.<br><br>(Programmatic and Financial norms SAMAGRA SHIKSHA)<br><br>മേൽ വിവരിച്ച സാഹചര്യത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് 10,000/-രൂപ മാത്രം ശമ്പളം നൽകാനേ ഇപ്പോൾ സാധിക്കുകയുള്ളൂ. |
| (ഡി) | പ്രസ്തുത അധ്യാപകർക്ക് ദിവസവേതന തൊഴിലാളികൾക്ക് ലഭിക്കുന്ന തുകയിലും താഴെയുള്ള തുക ശമ്പളമായി നൽകുന്നത് കടുത്ത അനീതിയാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 2023-24ലെ പ്ലാൻ പ്രൊപ്പോസലിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ശമ്പളത്തിന്റെ സംസ്ഥാന വിഹിതം ഉയർത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയെ നേരിട്ടുകണ്ട് സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ശോചനീയാവസ്ഥ ബോധ്യപ്പെടുത്തുകയും കേന്ദ്രവിഹിതം വർദ്ധിപ്പിക്കുവാൻ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ